(ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം ഭാഗത്ത് സ്ലാബ് ഇടുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) നളന്ദയിൽനിന്നും ചാരാച്ചിറ റോഡ് വരെയുള്ള ഭാഗത്ത് സ്ലാബ് ഇടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഭാഗത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം പരിസരവാസികൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) തിരുവനന്തപുരം നഗരത്തിൽ മ്യൂസിയത്തിൽനിന്നും നളന്ദയിൽ നിന്നും മഴവെള്ളം ഒഴുകി പട്ടത്ത് എത്തിച്ചേരുന്ന ആമത്തറതോട് സ്ലാബിട്ട് മൂടുന്നതിന് "സുതാര്യ കേരളം - പ്രോജക്ട് മെയിന്റനൻസ്-ആമത്തറ കനാലിൽ സ്ലാബിടുന്നത്" എന്ന പേരിൽ 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 97.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2013-14-ൽ തയ്യാറാക്കിയിരുന്നു. നളന്ദ ജംഗ്ഷൻ മുതൽ പട്ടം തോട് വരെയുള്ള ഭാഗത്ത് സ്ലാബ് ഇടുന്നതിനുള്ള പദ്ധതിയാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല.

(സി &ഡി) ഉണ്ട്.

(ഇ) തോടിൽ മാലിന്യ നിക്ഷേപം തടയുന്നതിനുള്ള കവറിംഗ് സ്ലാബ് ഇടുന്നതിനുള്ള പ്രൊപ്പോസലാണ് തയ്യാറാക്കിയിരിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് പ്രവൃത്തികൾ

120 (8180) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം റിവർമാനേജ്മെന്റിന് കോഴിക്കോട് ജില്ലയിൽ എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത് ; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തി ആവശ്യമുള്ള സ്ഥലങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്ത് മാനദണ്ഡ പ്രകാരമാണ് ഫണ്ട് അനുവദിക്കുന്നത് ;

(ഡി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഈ വർഷം എത്ര തുക ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം റിവർ മാനേജ്മെന്റിന് കോഴിക്കോട് ജില്ലയിൽ 1107.90 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നല്കിയത്. മണ്ഡലം തിരിച്ചുള്ള കണക്ക് പട്ടികയായി ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	നിയോജക മണ്ഡലം	തുക (ലക്ഷത്തിൽ)
1	കുറ്റ്യാടി	223.50
2	നാദാപുരം	67.75
3	പേരാമ്പ്ര	58.50
4	ബാലുശ്ശേരി	83.00
5	എലത്തൂർ	98.00
6	കോഴിക്കോട് നോർത്ത്	40.50
7	ബേപ്പൂർ	37.00
8	കുന്ദമംഗലം	232.70
9	കൊടുവള്ളി	111.00
10	തിരുവമ്പാടി	155.95
	ആകെ	1107.90

(ബി) പ്രവൃത്തി ആവശ്യമുള്ള സ്ഥലങ്ങൾ പരിശോധിച്ചതിന്. ശേഷമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

(സി) സംസ്ഥാന ഉന്നതതല സമിതി അംഗീകാരം നൽകുന്ന പ്രവൃത്തികൾക്ക് കളക്ടറേറ്റിൽനിന്ന് ഫണ്ട് അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly